മേൽവിലാസമുള്ള ഏകദേശം 18 പേരുടെ ലിസ്റ്റ് ഉണ്ടാക്കുകയും ജില്ലാ കളക്ടർ വഴി ബന്ധുക്കളെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥന്റെ സേവനം വാർഡിന്റെ പ്രത്യേക നിരീക്ഷണത്തിനും റൗണ്ട്സിനും ഉപയോഗപ്പെടുത്തുന്നതോടൊപ്പം പോലീസ് എയ്ഡ് പോസ്റ്റിന്റെ സേവനവും ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും രോഗികളുടെ സുരക്ഷയ്ക്കും വേണ്ടി പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പു ഡയറക്ടർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ രോഗികൾ കൊല്ലപ്പെട്ട സംഭവം

43(6748) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒന്നാം വാർഡിൽ ഒരു രോഗിയുടെ മർദ്ദനമേറ്റ് രണ്ടു രോഗികൾ കൊല്ലപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ;

(ബി) മാനസിക രോഗത്തിനു ചികിത്സ തേടുന്ന രോഗികളേയും മദ്യാസക്തിയുള്ള രോഗികളേയും ഈ ആശുപത്രിയിലെ ഒന്നാംവാർഡിൽ മറ്റു രോഗികളോടൊപ്പമാണോ കിടത്തി ചികിത്സിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒന്നാം വാർഡിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഒന്നാം വാർഡിൽ പ്രവേശിപ്പിച്ചിരുന്ന രോഗികൾ തമ്മിലുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് ഒന്നാം വാർഡിലെ മെയിൽ സെല്ലിൽ വാർഡിച്ചിരുന്ന മണിവാർ എന്ന 52 വയസ്സുള്ള ഒരു രോഗി പെട്ടെന്ന് അക്രമാസക്തനായി 50 വയസ്സുള്ള കൃഷ്ണൻ എന്ന രോഗിയെയും സുദർശനൻ എന്ന 55 വയസ്സുള്ള രോഗിയേയും മർദ്ദിച്ച് അവശനാക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ രണ്ട് പേരും മരണപ്പെടുകയുമാണ് ഉണ്ടായത്. അവശരായിരുന്ന രണ്ട് രോഗികൾക്ക് കൊടിയ മർദ്ദനം ഏറ്റതിനെ തുടർന്നാണ് മരണമുണ്ടായത്. സംഭവ സമയം രണ്ട് സ്റ്റാഫ് നഴ്സും രണ്ട് പേരാം നഴ്സും (ഒരു സ്ത്രീയും ഒരു പുരുഷനും) ഒരു ഗ്രേഡ് അറ്റന്റന്റ് എന്നിവർ ഡ്യൂട്ടിയിലുണ്ടായിരുന്നു. നിലവിളി കേട്ട് എത്തിയ സിസ്റ്റർമാരും പേരാം നഴ്സുമാരും ചേർന്ന് മണിവാറിനെ പിടിച്ച് മാറ്റുന്ന

LIBRARY ARCHIVES Kerala Legislative Assembly

വേളയിൽ സ്റ്റാഫിനെ അദ്ദേഹം ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്തു. ബലം പ്രയോഗിച്ച് തന്നെ ഈ രോഗിയെ അടുത്ത ഐസോലേഷൻ മുറിയിലേക്ക് മാറ്റി. പരുക്കുപറ്റിയ കൃഷ്ണനേയും സുദർശനനേയും ഡ്യൂട്ടി ഡോക്ടർമാർ പരിശോധിച്ച് അടിയന്തര ചികിത്സ നൽകുകയും ആശുപത്രി സൂപ്രണ്ടിനേയും ഡെപ്യൂട്ടി സൂപ്രണ്ടിനേയും ആർ.എം.ഒ.യെയും അറിയിക്കുകയും ചെയ്തു. ആർ.എം.ഒ. ഉടൻതന്നെ വാർഡിൽ എത്തി അന്വേഷണം നടത്തി പോലീസിനെ വിവരമറിയിക്കുകയും പരുക്കുപറ്റിയ രോഗികളെ ആംബുലൻസിൽ ഓക്സിജൻ, ഐ.വി. ഫ്ലൂയിഡ്സ് എന്നിവയോടുകൂടി സ്റ്റാഫിനോടൊപ്പം 9 മണിയോടെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു.

(ബി) അഗതികളായ രോഗികളെ മാത്രം പ്രവേശിപ്പിക്കുന്ന വാർഡാണ് വാർഡ്-9. ഇവിടെ പുരുഷന്മാരേയും സ്ത്രീകളേയും രണ്ട് വിഭാഗങ്ങളാക്കിയാണ് പാർപ്പിച്ചിരിക്കുന്നത്. മദ്യാസക്തിയുള്ളവരെയും മാനസിക രോഗികളേയും ഒന്നാം വാർഡിൽ സാധാരണയായി പ്രവേശിപ്പിക്കാറില്ല.

(സി) ചുറ്റുമതിലും ഗേറ്റുമുള്ള വളപ്പിൽ വളരെ കെട്ടുറപ്പുള്ള കെട്ടിടത്തിലാണ് ഒന്നാം വാർഡ് പ്രവർത്തിക്കുന്നത്. ഇവിടെ ഡ്യൂട്ടിക്കായി രണ്ട് ഹെഡ് നഴ്സുമാർ, 10 സ്റ്റാഫ് നഴ്സുമാർ (ഒരു മെയിൽ നഴ്സ് ഉൾപ്പെടെ) ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-I 1, ഗ്രേഡ് II 8, നഴ്സിംഗ് അസിസ്റ്റന്റ് -4, ഹോം നഴ്സ് -9 (രണ്ട് മെയിൽ നഴ്സ് ഉൾപ്പെടെ) ഒരു ഗേറ്റ് കീപ്പർ ഉൾപ്പെടെ 35 സ്റ്റാഫ് ആണ് ഉള്ളത്. ഇതിനുപുറമെ ആശുപത്രി സെക്യൂരിറ്റി സ്റ്റാഫിന്റെയും എയ്ഡ് പോസ്റ്റ് പോലീസിന്റെയും തുടർച്ചയായുള്ള നിരീക്ഷണത്തിലാണ് ഒന്നാം വാർഡ്. വാർഡിന്റെ 4 ഭാഗങ്ങളിൽ നിന്നുമുള്ള ദൃശ്യങ്ങൾ സി.സി.ടി.വി. മുഖേന സൂപ്രണ്ടിന്റെ മുറിയിൽ കാണാവുന്നതാണ്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒന്നാം വാർഡിലെ കൊലപാതകം

44 (6749) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒന്നാം വാർഡിൽ കൊലപാതകം നടന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ എത്ര പേർ മരണപ്പെട്ടു ; അവർ ആരെല്ലാം ; കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) വാർഡുകളിൽ രോഗികൾ ഏറ്റുമുട്ടി മരണപ്പെടുന്നത് ഇതിനുമുന്പ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തുനടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംഭവത്തിലെ ഉദ്യോഗസ്ഥ വീഴ്ച പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly